**ശ്രദ്ധക്ഷണിക്കൽ**

(1) വൈദ്യുതി വിതരണ കമ്പനികൾക്ക് നിരക്ക് കൂട്ടുന്നതിന് അനുമതി നൽകുന്ന കരട് ചട്ട ഭേദഗതി പിൻവലിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. എ. പ്രഭാകരൻ: സർ, ഞാൻ വളരെ പ്രധാനപ്പെട്ട ഒരു വിഷയമാണ് ശ്രദ്ധക്ഷണിക്കലിലൂടെ ഉന്നയിക്കുന്നത്. എല്ലാ മാസവും നിരക്ക് ഉയർത്താൻ വൈദ്യുതി വിതരണ കമ്പനികൾക്ക് അനുമതി നൽകുന്ന കരട് വൈദ്യുതി ചട്ട ഭേദഗതി നിർദ്ദേശം കേന്ദ്ര ഊർജ്ജ മന്ത്രാലയം പുറത്തിറക്കിയിരിക്കുകയാണ്. വിവാദമായ വൈദ്യുതി നിയമ ഭേദഗതി സ്റ്റാൻഡിംഗ് കമ്മിറ്റിക്ക് വിട്ടതിനുശേഷമാണ് കോർപ്പറേറ്റുകൾക്ക് ഉപഭോക്താക്കളെ കൊള്ളയടിക്കാൻ 2005-ലെ ചട്ടങ്ങളിൽ ഭേദഗതി വരുത്തുന്നത്. വൈദ്യുതി വാങ്ങൽ, പ്രസരണ നിരക്ക്, ഇന്ധന നിരക്ക് തുടങ്ങിയവയിലുണ്ടാകുന്ന അധിക ചെലവുകൾ സ്വകാര്യ കമ്പനികൾക്ക് ഉപഭോക്താക്കളിൽനിന്നും വൈദ്യുതി നിരക്കിലുൾപ്പെടുത്തി ഈടാക്കാമെന്നതാണ് പ്രധാന നിർദ്ദേശം. ഇതിനായി എല്ലാ മാസവും കമ്പനികൾക്ക് വൈദ്യുതി നിരക്ക് ഉയർത്താം. അതിന് റെഗുലേറ്ററി കമ്മീഷന്റെ അനുമതി വേണ്ട. ഇതോടെ നിരക്ക് നിശ്ചയിക്കാനുള്ള

അധികാരം സ്വകാര്യ കമ്പനികൾക്ക് ലഭിക്കുകയും സംസ്ഥാന റെഗുലേറ്ററി കമ്മീഷൻ നോക്കുകുത്തിയാകുകയും ചെയ്യും. പരമപ്രധാനമായ ഈ മേഖലയെ മുതലാളിമാർക്ക് ലാഭമുണ്ടാക്കാൻ കഴിയുന്ന ചരക്കാക്കി മാറ്റുകയാണ് കേന്ദ്രസർക്കാരിന്റെ ലക്ഷ്യം. മറ്റെല്ലാ മേഖലകളിലും സ്വകാര്യ മേഖലയിലെ ലാഭം പരമാവധിയാക്കുന്നതിനുവേണ്ടി എന്ത് വഴിവിട്ട നീക്കങ്ങളും നടത്തുന്നത് നമ്മൾ കണ്ടുകൊണ്ടിരിക്കുകയാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ്.......അങ്ങ് അവസാനിപ്പിക്കുക.

ശ്രീ. എ. പ്രഭാകരൻ: സർ, ഒരു മിനിട്ടിനുള്ളിൽ അവസാനിപ്പിക്കാം. സോപ്പ്, ചീർപ്പ്, ചെരുപ്പ്, കണ്ണാടി തുടങ്ങിയവ വിഭവങ്ങൾ പോലെ ഒരു ചരക്കാക്കി വൈദ്യുതിയെ കാണരുത്. ....(മൈക്ക് ഓഫ്).... വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നില്ല, പുതിയ ലൈനുകൾ സ്ഥാപിക്കുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ബാക്കി ഭാഗം അങ്ങ് മേശപ്പുറത്തുവയ്ക്കണം. ബഹുമാനപ്പെട്ട മന്ത്രി മറുപടി പറയും.

ശ്രീ. എ. പ്രഭാകരൻ: സർ, ബാക്കി ഭാഗം ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.+

---

\+ അനുബന്ധമായി ചേർക്കുന്നു.

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, കൂടുതൽ മറുപടി പറയേണ്ട വിഷയമാണിത്. സമയക്കുറവുള്ളതിനാൽ ചുരുക്കി പറയാം. 12-08-2022-ന് കേന്ദ്ര ഊർജ്ജ മന്ത്രാലയം പുറത്തിറക്കിയ കരട് ഇലക്ട്രിസിറ്റി ചട്ട ഭേദഗതി നിർദ്ദേശങ്ങളെ സംബന്ധിച്ചാണ് ശ്രീ. എ. പ്രഭാകരൻ ഇവിടെ ഉന്നയിച്ചത്. അതിന്റെ പ്രാഥമിക വിലയിരുത്തലിൽ തങ്ങളുടെ വൈദ്യുതി വാങ്ങൽ ചെലവിൽ പത്ത് ശതമാനം വരെ വരുന്ന വർദ്ധനയ്ക്കനുസൃതമായി ഉപഭോക്താവിന്റെ വൈദ്യുതി ചാർജ്ജിൽ ആവശ്യമായ മാറ്റം വരുത്താൻ വൈദ്യുതി വിതരണ കമ്പനികൾക്ക് അധികാരം നൽകുന്നു. ഇത് സാധാരണക്കാരായ ഉപഭോക്താക്കൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നതാണ്. കേന്ദ്രസർക്കാർ നിർദ്ദേശപ്രകാരം കേന്ദ്ര റെഗുലേറ്ററി കമ്മീഷൻ തീരുമാനിക്കുന്ന ഫോർമുലയ്ക്കനുസൃതമായി മാസാമാസം താരിഫ് പുനഃക്രമീകരിക്കാൻ ഈ ലൈസൻസിക്ക് സാധിക്കും. ഓരോ സംസ്ഥാനത്തിനും ബാധകമായ ഫോർമുല തയ്യാറാക്കുന്നതിൽ അതത് സംസ്ഥാന റെഗുലേറ്ററി കമ്മീഷനുകൾ താമസം വരുത്തുന്നപക്ഷം കേന്ദ്രസർക്കാർ പൊതുവായി തയ്യാറാക്കിയിട്ടുള്ള ഫോർമുല

ഉപയോഗിക്കാമെന്നും ഭേദഗതി നിർദ്ദേശത്തിൽ പറയുന്നു. ഇത് സാധാരണ ഉപഭോക്താക്കളെ വളരെ പ്രതികൂലമായി ബാധിക്കുന്ന ഒന്നാണ്. വിശദമായ മറുപടി ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.+

കേരളത്തിലെ ഇലക്ട്രിസിറ്റി ബോർഡിനെ പൊതുമേഖലയിൽത്തന്നെ നിലനിർത്തി വൈദ്യുതി രംഗത്ത് ഏറ്റവും മികച്ച സംസ്ഥാനമാക്കി മാറ്റുക എന്നതാണ് സർക്കാർ നയം. ഉപഭോക്താക്കൾക്ക് പരമാവധി സഹായം ചെയ്യുന്ന നിലപാടും സംസ്ഥാന ഗവൺമെന്റ് സ്വീകരിക്കുമെന്ന് ഈ സന്ദർഭത്തിൽ പറയുകയാണ്.

ശ്രീ. എ. പ്രഭാകരൻ: സർ, ചെലവുകൾ മുഴുവൻ സംസ്ഥാനങ്ങൾക്കും ലാഭം മുഴുവൻ മുതലാളിമാർക്കും ലഭിക്കുന്ന ഈ നയത്തിനെതിരെ ഇലക്ട്രിസിറ്റി മേഖലയിലുള്ള മന്ത്രിമാരെ വിളിച്ചുകൂട്ടി നമ്മുടെ സംസ്ഥാനം നിയമപരമായും അതുപോലെതന്നെ ദേശീയതലത്തിലുള്ള ഒരു സമരത്തിന് രൂപം നൽകാൻ പദ്ധതിയുണ്ടോ?

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, ഇതുമായി ബന്ധപ്പെട്ട് കേരളത്തിന്റെ നിലപാടിനോട് അനുസരിച്ച് പ്രവർത്തിക്കുന്ന സംസ്ഥാനങ്ങൾ

+ അനുബന്ധമായി ചേർക്കുന്നു.

ഏതൊക്കെയാണെന്നുള്ള പരിശോധന പ്രാഥമികമായി നടത്തി, അതിൽ തെലുങ്കാന സംസ്ഥാന ഗവൺമെന്റും നമ്മുടെ സംസ്ഥാന ഗവൺമെന്റും മുന്നോട്ടുവച്ച ആശയത്തോട് മറ്റ് സംസ്ഥാനങ്ങളെ കൂടി യോജിപ്പിക്കുന്നതിനുവേണ്ടിയുള്ള അല്ലെങ്കിൽ സമാന മനസ്കരായിട്ടുള്ള സംസ്ഥാനങ്ങളെ കൂടി യോജിപ്പിച്ചുകൊണ്ട് ഇത്തരം ഭേദഗതിക്കെതിരായിട്ടുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(2) റോഡുകളുടെ സ്പെഷ്യൽ വികസന പാക്കേജ്

ശ്രീ. മോൻസ് ജോസഫ്: സർ, കേരളത്തിലെ റോഡുകൾ മെച്ചപ്പെട്ട നിലവാരത്തിലേയ്ക്ക് മാറ്റുന്നതിനുവേണ്ടി ഒരു പുതിയ പാക്കേജിന് രൂപം കൊടുക്കണമെന്ന ആവശ്യമാണ് ഗവൺമെന്റിന്റെ മുന്നിൽ കൊണ്ടുവരുന്നത്. സമയപരിമിതിമൂലം വിശദമായി പറയാൻ കഴിയുന്നില്ലെങ്കിലും ഇന്ന് കേരളത്തിലെ ഏറ്റവും രൂക്ഷമായ സ്ഥിതിവിശേഷം യാത്രാ സംബന്ധമായിട്ടുണ്ട്. ഗവൺമെന്റ് ഇപ്പോൾ സ്വീകരിക്കുന്ന നടപടികൾ യുദ്ധകാലാടിസ്ഥാനത്തിൽ നടപ്പാക്കണം. അതോടൊപ്പംതന്നെ അറ്റകുറ്റപ്പണികൾ ചെയ്ത് അത്യാവശ്യം പരിഹരിച്ചുപോകേണ്ട കാര്യങ്ങളാണ് ഇപ്പോൾ ചെയ്യുന്നത്. നമ്മുടെ സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന

മഴയുടെയൊക്കെ ഒരു സാഹചര്യത്തിൽ ദീർഘകാലം നിലനില്ക്കുന്ന റോഡുകൾതന്നെ പ്ലാൻ ചെയ്യേണ്ടതായിട്ടുണ്ട്. സാമ്പത്തികമായ പരിമിതികളുണ്ടെങ്കിലും ഗവൺമെന്റ് ഇന്നത്തെ സാഹചര്യം കണക്കിലെടുത്തുകൊണ്ട് ഓരോ അസംബ്ലി മണ്ഡലത്തിലും പ്രധാനപ്പെട്ട റോഡുകളെങ്കിലും തെരഞ്ഞെടുത്തുകൊണ്ട് സ്റ്റേറ്റ് ഒട്ടാകെ ഒരു വികസന പാക്കേജിന് ഈ കാലഘട്ടത്തിൽ ഏറ്റവും അത്യന്താപേക്ഷിതമായ കാര്യമായി ചൂണ്ടിക്കാണിക്കുകയാണ്. അതോടൊപ്പംതന്നെ ഇപ്പോൾ നിർമ്മാണപ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടുപോകാൻ കഴിയാത്ത വിധത്തിലുള്ള പ്രതിസന്ധി നിലനിൽക്കുന്നുവെന്നുള്ളത് ഇതിന് മുൻപ് ബഹുമാനപ്പെട്ട ധനകാര്യ പൊതുമരാമത്ത് വകുപ്പുമന്ത്രിമാർ ഗവൺമെന്റ് തലത്തിൽ ചർച്ച നടത്തി ചില ധാരണകളുണ്ടാക്കിയിട്ടുണ്ട്. ഇപ്പോൾ സിമന്റ്, കമ്പി, ടാർ എന്നിവയ്ക്ക് ക്രമാതീതമായ വിലക്കയറ്റമുണ്ടായി എസ്റ്റിമേറ്റ് നിരക്കിൽ വർക്ക്ചെയ്യാൻ കഴിയാത്ത സാഹചര്യമുണ്ട്. അത് കണക്കിലെടുത്തുകൊണ്ട് ഇക്കാര്യത്തിൽ നിരക്ക് വ്യത്യാസം.....

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രി.....

ശ്രീ. മോൻസ് ജോസഫ്: സർ, ഒരു മിനിറ്റ്.....

മി. ഡെപ്യൂട്ടി സ്പീക്കർ: ഒരു മിനിറ്റ് കഴിഞ്ഞു. പ്ലീസ്.....

ശ്രീ. മോൻസ് ജോസഫ്: സർ, അതുകൊണ്ട് ഈ പ്രശ്നങ്ങളെല്ലാം പരിഹരിക്കുന്നതിനുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, ശ്രദ്ധക്ഷണിക്കലിന്റെ സമയക്രമത്തെപ്പറ്റി പറഞ്ഞപ്പോൾ അദ്ദേഹം സഭയിൽ ഇല്ലായിരുന്നു. ഇവിടെ ബഹുമാനപ്പെട്ട മുൻ പൊതുമരാമത്ത് വകുപ്പുമന്ത്രി കൂടിയായ ശ്രീ. മോൻസ് ജോസഫ് വളരെ പ്രസക്തമായ നിർദ്ദേശങ്ങളാണ് പറഞ്ഞിട്ടുള്ളത്. ഇതിലൊന്ന്, റോഡുകളുടെ ഡിസൈനിംഗിൽ ആവശ്യമായ ഡ്രെയിനേജ് സംവിധാനമില്ലാത്ത പ്രശ്നമാണ്. ഡ്രെയിനേജ് സുരക്ഷാ സംവിധാനം, BM&BC പോലുള്ള മികച്ച നിലവാരം, വാഹന സാന്ദ്രതയ്ക്കനുസരിച്ച് ഭാരം താങ്ങാനുള്ള കപ്പാസിറ്റിയും നമ്മുടെ റോഡുകൾക്ക് അത്യന്താപേക്ഷിതമാണ്. മറ്റുപല തടസ്സങ്ങൾ കാരണം തട്ടിക്കൂട്ടി പുതിയ റോഡ് ഉണ്ടാക്കുന്നതിനുപകരം നല്ല വീതിയിൽ റോഡുകളുണ്ടാക്കണം. പൊതുമരാമത്ത് വകുപ്പിന്റെ മൊത്തം റോഡിന്റെ കിലോമീറ്റർ പരിശോധിച്ച് അത് നല്ലനിലയിൽ BM&BC ആക്കുന്നതിനുള്ള

ശ്രമമാണ് നടത്തിക്കൊണ്ടിരിക്കുന്നത്. അതിന് ചെലവ് കൂടുതലാണ്. ധനകാര്യ വകുപ്പുമന്ത്രിയുമായി സംസാരിച്ചിട്ടുണ്ട്. കാലാവസ്ഥാ വ്യതിയാനവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് പ്രത്യേക ഫണ്ട് കണ്ടെത്തേണ്ടതുണ്ട്. അതും ധനകാര്യ വകുപ്പുമന്ത്രിയുമായി സംസാരിച്ചിട്ടുണ്ട്. വൈറ്റ് ടോപ്പിംഗ്, ഫുൾ ഡെപ്ത്ത് റിക്ലമേഷൻ, ജിയോ സെൽ ഇതൊക്കെ നടപ്പിലാക്കി. അതുപോലെ കിഫ്ബിയുടെയും പി.ഡബ്ള്യ.ഡി.-യുടെയും ഫണ്ടുമായി മറ്റ് കാര്യങ്ങൾ നടത്തിപ്പോകുകയാണ്. Running contract സംവിധാനം OPBRC ആയി 7 വർഷത്തെ പരിപാലനം നടപ്പിലാക്കിവരുന്നു. അദ്ദേഹം ഉന്നയിച്ചിട്ടുള്ള ഒരു വിഷയം, അദ്ദേഹം പൊതുമരാമത്ത് വകുപ്പുമന്ത്രിയായിരുന്ന സമയത്തുള്ള ദേശീയപാതയല്ല ഇപ്പോൾ. 2020-ൽ അത് ഹാൻഡ്ഓവർ ചെയ്തതിനുശേഷം മാറ്റമുണ്ട്. ദേശീയപാത അതോറിറ്റിയുടെ അനുമതിയില്ലാതെ അതിലിടപെടാൻ കഴിയില്ല. അന്നത്തെ സാഹചര്യവും ഇന്നത്തെ സാഹചര്യവും വ്യത്യസ്തമാണ്. 13-08-2021-ൽ ഈ സർക്കാർ വന്ന ഉടനെയാണ് ഡി.എസ്.ആർ.-2018 ന് ഉത്തരവ് പുറപ്പെടുവിച്ചതെന്ന് പ്രത്യേകം പറയുന്നു. ഡി.എസ്.ആർ.-2021 ഉൾപ്പെടെ, അദ്ദേഹം ഇവിടെ

പറഞ്ഞ സിമന്റ്, കമ്പി, മറ്റുള്ളവയുടെ വില വർദ്ധനവുകൾ ഉൾപ്പെടെ ധനകാര്യവകുപ്പുമന്ത്രി ഉടൻതന്നെ ഒരു പോസിറ്റീവ് നിലപാട് പ്രഖ്യാപിക്കുന്നതായിരിക്കും. അതുകൂടി സഭയെ അറിയിക്കുകയാണ്.

ശ്രീ. മോൻസ് ജോസഫ്: സർ, ഇവിടെ ധനകാര്യ വകുപ്പുമന്ത്രിയും പൊതുമരാമത്ത് വകുപ്പുമന്ത്രിയും സംയുക്തമായി ചേർന്ന് നല്ല ചർച്ചകൾ നടത്തുകയും തീരുമാനമെടുക്കുകയും ചെയ്തു. അതനുസരിച്ചുള്ള ഉത്തരവുകൾ ഇറങ്ങാത്തത് വലിയ പ്രതിസന്ധിയായിരിക്കുകയാണ്. അതുകൊണ്ട് ധനകാര്യ വകുപ്പുമന്ത്രി അങ്ങ് എടുത്ത പോസിറ്റീവ് നിലപാടിനെ സ്വാഗതം ചെയ്യുന്ന ഒപ്പം ആവശ്യമായ ഉത്തരവ് ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയും ചെയ്യുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, അതിന് ഉടൻതന്നെ തീരുമാനം വരും. അതിനാവശ്യമായ ചർച്ചകൾ നടത്തിയിട്ടുണ്ട്. ഈ 6 ശതമാനം ജി.എസ്.ടി. വർദ്ധനയാണ് പ്രധാനപ്പെട്ട പ്രശ്നം.